പരമകാരുണികനും ഏറ്റവും ദയാപരനുമായ അല്ലാഹുവിന്റെ നാമത്തിൽ

## മനസ്സിനെ സന്നദ്ധമാക്കലും ആശയങ്ങളെ മാനിക്കലും

സൃഷ്ടിയുടെയും അധികാരത്തിന്റെയും പദ്ധതികളുടെയും ഉടമയും സ്വന്തം ദാസരിൽ ചിന്തയുടെ പ്രസാദമെന്ന അനുഗ്രഹം ചൊരിയുകയും ചെയ്ത അല്ലാഹുവിന് എല്ലാ സ്തുതിയും ചേരട്ടെ. അല്ലാഹുവല്ലാതെ മറ്റൊരു ദൈവമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. പ്രപഞ്ചത്തിലുള്ള സകലതും അല്ലാഹു സൃഷ്ടിച്ചിട്ടുള്ളതാണ്, ഓരോന്നും [കൃത്യമായി] എന്തിന് വേണ്ടിയാണെന്ന് അല്ലാഹു തീരിമാനിച്ചിരിക്കുന്നു. ആഗ്രഹിക്കുന്ന എന്തും നിറവേറ്റുന്നതിന് ശക്തിയുള്ളവനാണ് അല്ലാഹു. സമയവും സ്ഥലവും ഉൾക്കൊള്ളുന്നതും ലോകത്തിലുടനീളം സമാധാനവും സുരക്ഷയും പ്രദാനം ചെയ്യുന്നതുമായ മതം ഉണ്ടാക്കുന്നതിന് പരമകാരുണികൻ ഭരമേൽപ്പിച്ച നമ്മുടെ പ്രവാചകനും അല്ലാഹുവിന്റെ സന്ദേശവാഹകനുമായ മുഹമ്മദ് നബിക്ക് ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ് നബിക്കും കുടുംബത്തിനും അനുചരർക്കും മുഹമ്മദ് നബിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചവർക്കും അന്തിമ വിധി ദിവസം വരെ അല്ലാഹു സാമാധാനവും യശസ്സും നൽകട്ടെ

അല്ലാഹുവിന്റെ ദാസരേ!

അല്ലാഹുവിന്റെ മഹിമയെ ഭയപ്പെടുക, ഒരുമയ്ക്കും സാഹോദര്യത്തിനും സുരക്ഷിതത്വത്തിനും വിശ്വസ്തതയ്ക്കും സത്യസന്ധതയ്ക്കും വേണ്ടി വാദിക്കുന്ന മതമാണ് ഇസ്ലാം എന്ന് അറിയുക. വിവേകമുള്ള ചിന്തയും നല്ല അഭിപ്രായങ്ങളും ബഹുമാനിക്കുന്ന മതമാണിത്, കാരണം ജീവിതത്തെയും ജീവിക്കുന്നവരെയും ഇത് മാനിക്കുന്നു, കാര്യങ്ങളുടെ സ്വഭാവത്തെ യഥാതഥമായി പഠിപ്പിക്കുന്ന മതവും കൂടിയാണിത്. ഈ വീക്ഷണകോണിൽ നിന്ന് നോക്കുമ്പോൾ, ചിന്തയുള്ള മനസ്സിനെയാണ് ഇസ്ലാം മാനിക്കുന്നത്, കാരണം ചിന്ത എന്നത് ദൈവാനുഗ്രഹമാണ്. അതിനാൽ, ബൗദ്ധികമായ ആലസ്യം പ്രകടിപ്പിക്കുന്നവരും ഉദാസീനമായ മനസ്സുള്ളവരും അല്ലാഹുവിൽ നിന്നുള്ള ഏറ്റവും മഹത്തായ അനുഗ്രഹമായ ചിന്തയെ അവഗണിക്കുന്നവരും ശരിയായ (സ്വാഭാവികമായ) ജന്മവാസനയിൽ നിന്ന് ഏറെ അകലെയാണ്. അതുകൊണ്ടാണ് നരകത്തിൽ ദുരിതമനുഭവിക്കുന്നവർ ഇങ്ങനെ വിലപിക്കുമെന്ന് അല്ലാഹു പറഞ്ഞത്: [ഞങ്ങൾ കേൾക്കുകയോ

ചിന്തിക്കുകയോ ചെയ്തിരുന്നെങ്കിൽ ഞങ്ങൾ ജ്വലിക്കുന്ന നരകാഗ്നിയുടെ അവകാശികളുടെ കൂട്ടത്തിലാകുമായിരുന്നില്ല! (സൂറത്ത് അൽ മുൽക്ക് 10). പരമകാരുണികനായ അല്ലാഹുവിന്റെ പ്രീതിക്ക് പാത്രമാകുന്ന ഓരോ ആശയവും ബഹുമാനിക്കപ്പെടുന്നു, സ്തുതിക്കപ്പെടുന്നു, കാരണം നല്ല സന്നദ്ധതയും ഉത്തമമായ ഉദ്ദേശ്യങ്ങളുമുള്ള ആളുകൾക്ക് മഹത്വപൂർണ്ണനും ഉന്നതനുമായ അല്ലാഹു പാരിതോഷികം നൽകുന്നു. അതിനാൽ, നല്ലത് ഉണ്ടാകുന്നതിന് പ്രയത്നിക്കുന്നവർക്ക് അതേ രീതിയിൽ തിരികെ ലഭിക്കും, ദാനശീലർക്ക് അല്ലാഹു പാരിതോഷികങ്ങൾ വാരിക്കോരി നൽകും. നല്ല മനസ്സോടെ ഒരു കാര്യം ചെയ്യുകയും എന്നാലത് തെറ്റായി ഭവിക്കുകയും ചെയ്യുമ്പോൾ, ചെയ്തയാളെ ഇസ്ലാം ഇകഴ്ത്തുകയില്ല. കാരണം, മതപരമായ നിയമം പുറപ്പെടുവിക്കുന്നയാൾ താൻ പുറപ്പെടുവിക്കുന്നതിൽ എത്തിച്ചേരുന്നതിന് മികച്ച മാർഗ്ഗങ്ങൾ ഉപയോഗപ്പെടുത്തുകയും എന്നാൽ നിയമം തെറ്റായി ഭവിക്കുകയും ചെയ്യുകയാണെങ്കിൽ അവന് ഒരു പാരിതോഷികം ലഭിക്കും, നിയമം ശരിയായാണ് ഭവിക്കുന്നതെങ്കിൽ അവന് രണ്ട് പാരിതോഷികങ്ങൾ ലഭിക്കും എന്നാണ് ഇസ്ലാം പറയുന്നത്. മനസ്സിലുള്ള എല്ലാ ചിന്തകളും (എല്ലാ രഹസ്യങ്ങളും) അല്ലാഹു അറിയുന്നു. അതിനാൽ, നല്ല കാര്യം ചെയ്യാൻ പരിശ്രമിക്കുകയും എന്നാൽ തെറ്റ് വരുത്തുകയും ചെയ്യുന്നവരിൽ നിന്ന് ഇസ്ലാം പാരിതോഷികം പിടിച്ചുവയ്ക്കില്ല, കാരണം, അവനതിന് പരിശ്രമിച്ചു, ആ മൂല്യത്തിന് വിലയുമുണ്ട്.

പ്രിയ മുസ്ലീങ്ങളേ!

അഭിപ്രായവ്യത്യാസം ഒരിക്കലും സൗഹാർദ്ദത്തെ നശിപ്പിക്കുന്നില്ല. പലപ്പോഴും ഒരേ വിഷയത്തിൽ രണ്ട് വിരുദ്ധ അഭിപ്രായങ്ങൾ ശ്രവിക്കാൻ നബി തിരുമേനി താൽപ്പര്യം പ്രകടിപ്പിക്കാറുണ്ട്, ശ്രവിച്ച് കഴിഞ്ഞ ശേഷം വിരുദ്ധ അഭിപ്രായം പ്രകടിപ്പിച്ച രണ്ടുപേരെയും നബി തിരുമേനി പ്രശംസിക്കാറുമുണ്ട്. കാരണം, വിരുദ്ധ അഭിപ്രായങ്ങൾക്ക് പിന്നിൽ നല്ല സന്നദ്ധതയും ഉദ്ദേശ്യശുദ്ധിയും ഉണ്ടെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. ഒരു ദിവസം അല്ലാഹുവിന്റെ പ്രവാചകൻ തന്റെ അനുയായികളോട് പറഞ്ഞു, ((അല്ലാഹുവിലും അന്തിമ ദിവസത്തിലും വിശ്വസിക്കുന്നവർ അസ്ർ പ്രാർത്ഥന നടത്തണം, ഇത് നടത്തേണ്ടത് ബാനി ഖുറൈസായുടെ (ഇടത്തിലാണ്)). പ്രാർത്ഥനയ്ക്ക് പോയിക്കൊണ്ടിരിക്കുമ്പോൾ നബിയുടെ ചില അനുയായികൾ ഇങ്ങനെ പറഞ്ഞു, "പ്രാർത്ഥനയുടെ സമയം എത്തിയാലും ബാനി ഖുറൈസായുടെ ഇടത്തിൽ എത്തുന്നത് വരെ നമ്മൾ പ്രാർത്ഥിക്കില്ല." നബി തിരുമേനിയുടെ വാക്കുകൾ അക്ഷരാർത്ഥത്തിൽ എടുക്കുകയാണ് ഇവർ ചെയ്തത്. എന്നാൽ ചില അനുയായികളാകട്ടെ ഇങ്ങനെയാണ് പറഞ്ഞത്, "പ്രാർത്ഥനയ്ക്കുള്ള സമയം എത്തിപ്പോയതിനാൽ വഴിയിൽ വച്ചുതന്നെ

നമ്മർ പ്രാർത്ഥിക്കും." നബി പറഞ്ഞതിന്റെ പൊതുവായ പൊരുളാണ് ഈ അനുയായികൾ കണക്കിലെടുത്തത്. "പ്രാർത്ഥനയ്ക്കായി നമ്മൾ പെട്ടെന്ന് പുറപ്പെടണമെന്നാണ് നബി തിരുമേനി ഉദ്ദേശിച്ചത്, പ്രാർത്ഥനയിൽ കാലതാമസം വരുത്തണമെന്നല്ല നബി ഉദ്ദേശിച്ചത്," അവർ പറഞ്ഞു. അതിനാൽ, പ്രവാചകന്റെ ഹദീസ് തങ്ങൾ എങ്ങനെ മനസ്സിലാക്കി എന്നതിന്റെ അടിസ്ഥാനത്തിൽ അനുയായികളുടെ ഓരോ കൂട്ടവും പ്രാർത്ഥിച്ചു. പ്രാർത്ഥന കഴിഞ്ഞ ഇവർ നബിയുടെ അടുത്തെത്തിയപ്പോൾ നബിയവരെ കുറ്റപ്പെടുത്തുകയോ മനസ്സിലാക്കിയതുമായി ബന്ധപ്പെട്ട് ശകാരിക്കുകയോ ചെയ്തില്ല.

ദാവൂദിന്റെയും സുലൈമാന്റെയും കാര്യത്തിൽ ഇതുതന്നെയാണ് സംഭവിച്ചത്. അല്ലാഹുവിന്റെ സാമാധാനം അവരുടെ മേൽ ഉണ്ടായിരിക്കട്ടെ. കൃഷിസ്ഥലത്ത് ഒരു രാത്രിയിൽ ചിലയാളുകളുടെ അട്ടിൻകൂട്ടം മേഞ്ഞതുമായി ബന്ധപ്പെട്ട് രണ്ട് തരത്തിലുള്ള വിധിന്യായങ്ങളാണ് ദാവൂദും സുലൈമാനും പുറപ്പെടുവിച്ചത്; ഖുറാൻ അവരുടെ വിധിയിൽ തെറ്റൊന്നും കണ്ടെത്തിയില്ല, സുലൈമാന്റെ വിധിയെ ഖുറാൻ പുകഴ്ത്തിയെങ്കിൽ ദാവൂദിന്റെ വിധിയെ പ്രശംസിച്ചു: [ദാവൂദിനെയും (പുത്രൻ) സുലൈമാനെയും (ഓർക്കുക.) ഒരു ജനവിഭാഗത്തിന്റെ ആടുകൾ വിളയിൽ കടന്ന് മേഞ്ഞ പ്രശ്നത്തിൽ അവർ രണ്ട് പേരും വിധികൽപ്പിക്കുന്ന സന്ദർഭം. അവരുടെ വിധിക്ക് നാം സാക്ഷ്യം വഹിക്കുന്നുണ്ടായിരുന്നു. അപ്പോൾ സുലൈമാന് നാം അത് (പ്രശ്നം) ഗ്രഹിപ്പിച്ചു, അവർ ഇരുവർക്കും നാം വിധികർത്തൃത്വവും വിജ്ഞാനവും നൽകിയിരുന്നു. ദാവൂദിനോടൊപ്പം കീർത്തനം ചെയ്തുകൊണ്ടിരിക്കുന്ന നിലയിൽ പർവ്വതങ്ങളെയും പക്ഷികളെയും നാം കീഴ്പെടുത്തികൊടുത്തു. നാമായിരുന്നു (അതെല്ലാം) നടപ്പാക്കിക്കൊണ്ടിരുന്നത്] (സൂറത്ത് അൽ അൻബിയാഅ് 78-79).

അഭിപ്രായങ്ങളിലെ വ്യത്യാസം, പരിധികളെ കവച്ചുവയ്ക്കുകയോ നിയന്ത്രണങ്ങളെ മറികടക്കുകയോ അരുത്. എന്നാൽ ഈ വ്യത്യാസം, "നമ്മൾ പരസ്പരം സമ്മതിക്കുന്ന കാര്യങ്ങൾക്കായി നമുക്ക് ഒത്തൊരുമിക്കാം, അഭിപ്രായവ്യത്യാസമുള്ള കാര്യങ്ങളിൽ നമുക്ക് പരസ്പരം ക്ഷമിക്കാം" എന്ന് അറിവുള്ളവർ പറയുന്നതിന്റെ പരിധിക്കുള്ളിൽ ആകണമെന്നുമാത്രം. "ഒരു അഭിപ്രായവും മറ്റുള്ളവരുടെ മുകളിൽ നമ്മൾ ചെലുത്താനോ ഭീഷണിപ്പെടുത്തി മറ്റുള്ളവരെക്കൊണ്ട് സമ്മതിപ്പിക്കാനോ പാടുള്ളതല്ല, ആർക്കെങ്കിലും മറ്റൊരു മികച്ച അഭിപ്രായം ഉണ്ടെങ്കിൽ നമുക്കത് ശ്രമിക്കാം," എന്ന് ചില പണ്ഡിതർ പറയുന്നു. നിന്ദ്യമായ ഗോത്രസ്വഭാവത്തിന് മുസ്ലീം സമൂഹത്തിൽ ഇടമില്ല, കാരണം അഭിപ്രായങ്ങൾ അടിച്ചേൽപ്പിക്കുന്നത് നിർമ്മിക്കുന്നതിന് പകരം നശിപ്പിക്കുന്നു, ഒരുമിപ്പിക്കുന്നതിന് പകരം വിഭജിപ്പിക്കുന്നു.

ഗോത്രസ്വഭാവത്തിൽ വിശ്വസിക്കുന്നവരെയും ഗോത്രസ്വഭാവത്തെയും നബി തിരുമേനി തള്ളിപ്പറഞ്ഞത്.

ജുബൈർ ഇബ്ൻ മുത്തിം, അല്ലാഹു അവനിൽ സംപ്രീതനാവട്ടെ, ഇങ്ങനെ എഴുതി: അല്ലാഹുവിന്റെ പ്രവാചകൻ, അല്ലാഹുവിന്റെ സാമാധാനവും അനുഗ്രഹങ്ങളും അവനിൽ അല്ലാഹു വർഷിക്കട്ടെ, പറഞ്ഞു, "ഗോത്രസ്വഭാവത്തിൽ വിശ്വസിക്കുന്നു എന്ന് പറയുന്ന ആരും നമ്മുടെ കൂട്ടത്തിലുള്ളവരല്ല. ഗോത്രത്തിന് വേണ്ടി പോരാടുന്ന ആരും നമ്മുടെ കൂട്ടത്തിൽ പെടില്ല. ഗോത്രത്തെ പിന്തുടർന്ന് മരിക്കുന്ന ആരും നമ്മുടെ കൂട്ടത്തിൽ പെടില്ല."

അനുയായികളിൽ ഗോത്രസ്വഭാവത്തിന്റെ ലക്ഷണങ്ങൾ കണ്ടപ്പോഴൊക്കെ, മുളയിലേ നുള്ളാൻ നബി തിരുമേനി ശ്രദ്ധിച്ചു. ഗോത്രസ്വഭാവം കണ്ടപ്പോഴൊക്കെ അവന് ദ്വേഷ്യം വന്നിരുന്നു, ഇത്തരം സന്ദർഭങ്ങളിൽ ഇങ്ങിനെ പറഞ്ഞുകൊണ്ടാണ് ആളുകളെ നബി തിരുമേനി അഭിസംബോധന ചെയ്തിരുന്നത്: ((ഞാൻ നിങ്ങളിൽ ഒരാളായി ഇവിടെയുള്ളപ്പോൾ ജഹിലിയ കാലത്തെ (അന്ധ കാലഘട്ടം) ജൽപ്പനങ്ങൾ നിങ്ങൾ ഉയർത്തുന്നതെന്തിന്?! ഇസ്ലാം മതം നൽകിയും ജഹിലിയ കാലത്തിൽ (അന്ധ കാലഘട്ടം) നിന്ന് രക്ഷപ്പെടുത്തിയും അല്ലാഹു നിങ്ങളെ അനുഗ്രഹിക്കുകയും ഒരുമിപ്പിക്കുകയും ചെയ്തില്ലേ?))

മറ്റുള്ളവരുടെ വീക്ഷണകോണുകൾ പരിഗണിക്കാതെ നിരസിക്കുക വഴി ഒരു പ്രത്യേക അഭിപ്രായത്തോട് പക്ഷപാതം കാണിക്കുന്നതിനെ ഇസ്ലാം പൂർണ്ണമായും എതിർക്കുന്നു, ഇതിനെതിരെ ഇസ്ലാം നിരന്തരം പടപൊരുതിയിട്ടുമുണ്ട്. കാരണം, അല്ലാഹു വിപുലപ്പെടുത്തിയതിനെ ചെറുതാക്കുന്ന പ്രവണതയാണിത്, അല്ലാഹു മൃദുവാക്കിയതിനെ ദൃഢമാക്കുന്ന പ്രവൃത്തിയാണിത്. ഒരു പ്രത്യേക അഭിപ്രായത്തോടെ പക്ഷപാതം കാണിക്കുന്നത് ആളുകളെ സംഭ്രമത്തിലാക്കുന്നു. ഇങ്ങനെ ചെയ്യുന്നവർ ഇസ്ലാമിക പാതയിൽ നിന്ന് വ്യതിചലിക്കുന്നവരാണ്. (നിങ്ങളുടെ മതത്തിന്റെ ഏറ്റവും ഉത്തമമായ കാര്യം അത് വളരെ ലളിതമാണ്) എന്ന് നബി തിരുമേനി പറഞ്ഞ ലംഘിക്കുന്നവരാണ്. മാനക്കേടുണ്ടാക്കുന്ന പെരുമാറ്റത്തിന്റെ ഉടമകൾക്ക് അല്ലാഹുവിൽ നിന്നുള്ള കരുണ കുറയും. (എന്നിലും മുഹമ്മദ് നബിയും അല്ലാഹുവിന്റെ കരുണയുണ്ടാകട്ടെ, ക്ഷമിക്കാവുന്നതല്ലാത്തത് ഭാബ് ചെയ്തതിലും അല്ലാഹുവിന്റെ കരുണയുണ്ടാകട്ടെ) എന്നൊരാൾ പറഞ്ഞു. അപ്പോൾ നബി തിരുമേനി മറുപടി പറഞ്ഞു, ((അറബികളുടെ സഹോദരാ, വിപുലമായിരുന്നത് നിങ്ങൾ സങ്കുചിതമാക്കിയിരിക്കുന്നു)). ഈ മറുപടി ലഭിച്ച വ്യക്തിയെ പോലെയായിരിക്കും മാനക്കേടുണ്ടാക്കുന്ന പെരുമാറ്റത്തിന്റെ ഉടമകൾ. താൻ ശരിയെന്ന് കരുതുന്ന വീക്ഷണങ്ങളെ

എതിർക്കുന്ന ഇതര അഭിപ്രായങ്ങൾ വ്യാജമാണെന്നും തെറ്റാണെന്നും കരുതുന്ന ഏതൊരുവനും മുൻവിധിയുള്ളവനാണ്.

വിശ്വാസികളേ! അല്ലാഹുവിനെ ഭയക്കുക, അവൻ പഠിപ്പിച്ചതെല്ലാം അതേ പടി അനുവർത്തിക്കുക, യുക്തിയെയും വിവേകത്തെയും ഇല്ലാതാക്കുന്ന വെറുക്കപ്പെടേണ്ട അസഹിഷ്ണുതയെ കുറിച്ച് ജാഗ്രത പാലിക്കുക, ഇത് ഹൃദയങ്ങളിൽ വിരോധത്തിലേക്കും വിദ്വേഷ്യത്തിലേക്കും നയിക്കുന്നു.

എനിക്കും നിങ്ങൾക്കും ലോകത്തിലെ മറ്റ് മുസ്ലീങ്ങൾക്കും വേണ്ടി അല്ലാഹുവിൽ നിന്ന് ഞാൻ മാപ്പപേക്ഷിക്കുന്നു. മാപ്പുനൽകുന്നവനും ദയാപരനുമാണ് അല്ലാഹു. മാപ്പപേക്ഷിക്കുന്ന നിങ്ങളോട് അവൻ പ്രതികരിക്കും. മാപ്പ് അപേക്ഷിക്കുന്നവരെ അവനൊരിക്കലും കൈവിടില്ല, ദയാനിധിയാണ് അവൻ.

*********************************

ലോകത്തിലെ ഏറ്റവും മികച്ച ആകൃതിയിൽ മനുഷ്യനെ സൃഷ്ടിക്കുകയും തന്റെ വിശുദ്ധ വെളിപ്പെടുത്തലിലൂടെ അവനെ നയിക്കുകയും ശരിയായ പാതയിലേക്ക് നയിക്കുന്ന ഒരു മനസ്സും ചിന്തയും നൽകിക്കൊണ്ട് അവനെ അനുഗ്രഹിക്കുകയും ചെയ്ത അല്ലാഹുവിൽ എല്ലാ പ്രശംസയും ചേരട്ടെ. സ്വതന്ത്രമായ ചിന്തയും മനസ്സ് സന്നദ്ധമാക്കലും പ്രചരിപ്പിക്കുന്ന മതത്തിൽ നിന്ന് ആരാധിക്കപ്പെടുന്നവനായ അല്ലാഹുവല്ലാതെ മറ്റൊരു ദൈവമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. സന്ദേശവാഹകരുടെ നേതാവും അല്ലാഹുവിന്റെ ദാസനും സന്ദേശവാഹകനുമായ മുഹമ്മദ് നബി നമ്മോട് അന്ധമായ ആശ്രയത്വത്ത്തിൽ നിന്ന് അകന്നിരിക്കാൻ ആജ്ഞാപിച്ചിരിക്കുന്നു. മുഹമ്മദ് നബിക്കും കുടുംബത്തിനും അനുചരർക്കും അവന്റെ മാർഗ്ഗനിർദ്ദേശത്തിൽ വിശ്വസിച്ചവർക്കും അന്തിമ വിധി ദിവസം വരെ അല്ലാഹു സമാധാനവും യശസ്സും നൽകട്ടെ.

ദൈവത്തിന്റെ ദാസരേ!

പ്രാരംഭ കാലഘട്ടങ്ങളിൽ മുസ്ലീങ്ങൾ തങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്നതിനൊപ്പം മറ്റുള്ളവരുടെ അഭിപ്രായങ്ങൾ മാനിക്കുകയും ചെയ്തിരുന്നു. അവർ പറയുമായിരുന്നു: "എന്റെ അഭിപ്രായം ശരിയാണ്, എന്നാൽ തെറ്റാകാനും ഇടയുണ്ട്. അതുപോലെ തന്നെ മറ്റുള്ളവരുടെ അഭിപ്രായങ്ങൾ തെറ്റാണെന്ന് ഞാൻ കരുതുന്നു, എന്നാൽ അവ ശരിയാകാനും സാധ്യതയുണ്ട്." സ്വന്തം അഭിപ്രായം പ്രകടിപ്പിക്കുകയും എന്നാൽ പിന്നീട് ആ അഭിപ്രായം തെറ്റാണെന്ന് മനസ്സിലാവുകയും ചെയ്താൽ ഏതൊരാളും അക്കാലങ്ങളിൽ ഇതര അഭിപ്രായങ്ങൾ

ഏതൊക്കെയാണെന്ന് ലജ്ജിക്കാതെയും സങ്കോചപ്പെടാതെയും ആരായുമായിരുന്നു. സത്യമായ അഭിപ്രായത്തിലേക്ക് തിരിയാൻ കഴിഞ്ഞു എന്നതിൽ അവർ സന്തോഷിച്ചിരുന്നു. തെളിവില്ലാതെ ഉറപ്പിച്ചു പറയുന്ന സിദ്ധാന്തങ്ങളെയും നിഷ്ക്രിയത്വത്തെയും ഇസ്ലാം നിരാകരിക്കുന്നു. സത്യത്തിൽ ഇസ്ലാം ആവശ്യപ്പെടുന്നത് മനസ്സ് ഉപയോഗിക്കാനും അതിന്റെ ശേഷിയുടെ ഓരോ കണികയും പ്രയോജനപ്പെടുത്തുവാനുമാണ്, കാരണം സമയത്തെയും സ്ഥലത്തെയും എല്ലാ മനുഷ്യരെയും വലയം ചെയ്യുന്ന ഒരു മതമാണ് ഇസ്ലാം. ആശയങ്ങൾ എത്ര വൈവിധ്യമുള്ളതായാലും വ്യാഖ്യാനങ്ങൾ എത്ര വ്യത്യസ്തമായാലും ഇസ്ലാമിൽ അവയ്ക്കൊക്കെയും ഇടമുണ്ട്. ഒരു വിഷയത്തിൽ നിരവധി അഭിപ്രായങ്ങൾ ഉണ്ടെങ്കിൽ സാധ്യതകൾ വിപുലമാവുകയും കാഴ്ചപ്പാടുകൾ പാകപ്പെടുകയും ചെയ്യുമ്പോൾ സത്യം വ്യക്തമാകുന്നു, ലക്ഷ്യങ്ങൾ കൈവരിക്കാനാവുകയും ചെയ്യുന്നു. [എന്നാൽ ആ നുര ചവറായി പോകുന്നു. മനുഷ്യർക്ക് ഉപകാരമുള്ളതാകട്ടെ ഭൂമിയിൽ തങ്ങിനിൽക്കുന്നു. അപ്രകാരം അല്ലാഹു ഉപമകൾ വിവരിക്കുന്നു] (സൂറത്ത് അൽ റഅ്ദ് 17)

അല്ലാഹുവിന്റെ ദാസരേ! അല്ലാഹുവിനെ ഭയപ്പെടുക, രൂപപ്പെടുത്തുന്നതിന് വളരെയധികം അഭിപ്രായങ്ങൾ ചെലവിട്ടിട്ടുള്ളതും, ആശങ്കകൾ ഉയർത്തുന്നതിന് ശേഷിയുടെ ഏറ്റവും മികച്ചത് പുറത്തെടുക്കുന്ന മനസ്സുകൾ ഉള്ളതും, സംവാദങ്ങളും ചർച്ചകളും ഉണ്ടാകുമ്പോൾ സഹിഷ്ണുത പ്രകടിപ്പിക്കുന്ന അംഗങ്ങൾ ഉള്ളതുമായ സമൂഹമാണ് ഒരു അനുഗൃഹീത സമൂഹം

അല്ലാഹു, അബ്രാഹമിന്റെയും അവന്റെ കുടുംബത്തിന്റെയും മേൽ നീ കരുണ ചൊരിഞ്ഞത് പോലെ മുഹമ്മദിന്റെയും അവന്റെ കുടുംബത്തിന്റെയും മേൽ നീ കരുണ ചൊരിയേണമേ. അബ്രാഹമിന്റെയും അവന്റെ കുടുംബത്തിന്റെയും മേൽ നീ അനുഗ്രഹം ചൊരിഞ്ഞത് പോലെ മുഹമ്മദിന്റെയും അവന്റെ കുടുംബത്തിന്റെയും മേൽ നീ അനുഗ്രഹം ചൊരിയേണമേ. നീ മാത്രമാണ് ആരാധനയ്ക്ക് അർഹനും ഏറ്റവും ശ്രേഷ്ഠനും.

അതിനാൽ, സന്ദേശകവാഹകരുടെ നേതാവിൽ നിങ്ങളുടെ അനുഗ്രഹങ്ങൾ ചൊരിയുക, കാരണം പരിശുദ്ധ ഖുറാനിൽ അല്ലാഹു ഇങ്ങനെ പറയുന്നു: [തീർച്ചയായും അല്ലാഹുവും അവൻറെ മലക്കുകളും നബിയോട് കാരുണ്യം കാണിക്കുന്നു. സത്യവിശ്വാസികളേ, നിങ്ങൾ അദ്ദേഹത്തിൻറെ മേൽ (അല്ലാഹുവിന്റെ) കാരുണ്യവും ശാന്തിയുമുണ്ടാകാൻ പ്രാർത്ഥിക്കുക]. (സൂറത്ത് അൽ അഹ്സാബ് 56)

ധർമ്മനിഷ്ഠരായ ഖലീഫയുടെയും അവന്റെ കുടുംബത്തിന്റെയും അനുയായികളുടെയും വിശ്വാസികളുടെയും മേൽ അന്തിമ വിധി ദിവസം

വരെയും നീ കരുണ ചൊരിയണേ. ഞങ്ങളിലും കരുണ ചൊരിയണേ. അല്ലാഹു, നീയാണ് ഏറ്റവും ദയാപരൻ.

അല്ലാഹു! ഇവിടെ കൂടിയിരിക്കുന്ന ഞങ്ങളെ അനുഗ്രഹിക്കണേ, ഞങ്ങളെ സമാധാനത്താൽ പ്രസരിപ്പിക്കണേ, പാപത്തിൽ നിന്ന് പരിരക്ഷിക്കണേ, ഞങ്ങളുടെ മതത്തിൽ ഞങ്ങൾക്ക് പോരായ്മകളൊന്നും തോന്നിക്കരുതേ.

അല്ലാഹു! മാർഗ്ഗനിർദ്ദേശവും ഭക്തിയും പരിശുദ്ധിയും ധനവും തന്ന് ഞങ്ങളെ അനുഗ്രഹിക്കണേ.

അല്ലാഹു! സത്യസന്ധമായ നാവും പാപബോധമുള്ളതും വിനയമുള്ളതുമായ ഹൃദയവും ധർമ്മനിഷ്ഠമായ പ്രവൃത്തികളും ഉപയോഗപ്രദമായ അറിവും ഉറച്ചതും പരിശുദ്ധവുമായ വിശ്വാസവും നിയമപരമായ ഉപജീവനമാർഗ്ഗവും തന്ന് ഞങ്ങളിൽ ഓരോരുത്തരെയും അനുഗ്രഹിക്കണേ. അല്ലാഹു, നീ മാത്രമാണ് ഏറ്റവും ശ്രേഷ്ഠനും ബഹുമാന്യനും.

അല്ലാഹു! ഇസ്ലാമിനും മുസ്ലീങ്ങൾക്കും യശസ്സ് തരേണമേ. ഇസ്ലാമിനും മുസ്ലീങ്ങൾക്കും പിന്തുണയും ഐക്യവും നൽകണേ. അല്ലാഹു! സ്വേച്ഛാധിപതികളെയും അവിശ്വാസികളെയും താഴ്ത്തണേ. അല്ലാഹു! ഞങ്ങൾ എല്ലാ ദാസർക്കും സമാധാനവും സുരക്ഷയും നൽകണേ.

അല്ലാഹു! ഞങ്ങളുടെ മാതൃരാജ്യത്തിന് സുരക്ഷിതത്വം നൽകണേ! ഞങ്ങളുടെ മാതൃരാജ്യത്തിൽ ഞങ്ങൾക്ക് നീണ്ട സുരക്ഷയും സ്ഥിരതയും നൽകണേ! ഞങ്ങളുടെ സുൽത്താന് യശസ്സ് നൽകണേ, സത്യ പിന്തുണ നൽകിക്കൊണ്ടും സത്യത്തിലേക്ക് നയിച്ചുകൊണ്ടും ഞങ്ങളുടെ സുൽത്താനെ സഹായിക്കണേ.

അല്ലാഹു! ആകാശത്തിൽ നിങ്ങൾക്കായി മഴയെ അയയ്ക്കണേ, രാത്രിയും പകലും നിന്നെ ഓർക്കുന്നവരായും പ്രഭാതത്തിലും സായാഹ്നത്തിലും നിന്റെ മാപ്പിന് അപേക്ഷിക്കുന്നവരായും ഞങ്ങളെ മാറ്റണേ.

അല്ലാഹു! ആകാശത്തിന്റെ അനുഗ്രഹങ്ങളും ഭൂമിയുടെ ഔദാര്യവും ഞങ്ങളിൽ ചൊരിയണേ. ഞങ്ങളുടെ ഫലങ്ങളും വിളകളും ഞങ്ങളുടെ ഉപജീവനമാർഗ്ഗവും അനുഗ്രഹിക്കണേ. അല്ലാഹു, നീയാണ് ഏറ്റവും ശ്രേഷ്ഠനും ബഹുമാന്യനും.

അല്ലാഹു! ഈ ലോകത്തിലും പരലോകത്തിലും ഞങ്ങൾക്ക് നല്ലത് തരേണമേ, അഗ്നി ശിക്ഷയിൽ നിന്ന് ഞങ്ങളെ പരിരക്ഷിക്കണേ."

നീ നിർദ്ദേശിച്ചതിൽ നിന്ന് ഞങ്ങളുടെ ഹൃദയങ്ങൾ വ്യതിചലിക്കാൻ അനുവദിക്കരുതേ, നിന്റെ കരുണ ഞങ്ങളിൽ ചൊരിയേണമേ, തീർച്ചയായും നീ മാത്രമാണ് അനുഗ്രഹം ചൊരിയുന്നവൻ.

അല്ലാഹു! ഞങ്ങൾ ഞങ്ങളോട് തന്നെ തെറ്റുചെയ്തവരാണ്. നീ മാപ്പ് തരികയും ദയ കാണിക്കുകയും ചെയ്തില്ലെങ്കിൽ ഞങ്ങൾ പരാജിതരാകും."

അല്ലാഹു! ജീവിക്കുന്നവരും മരിച്ചവരുമായ, വിശ്വാസികളായ എല്ലാ പുരുഷന്മാർക്കും സ്ത്രീകൾക്കും മാപ്പ് നൽകണേ. നീ മാത്രമാണ് ഞങ്ങളുടെ പ്രാർത്ഥന കേൾക്കുന്നവനും അനുഗ്രഹങ്ങൾ നൽകുന്നവനും.

അല്ലാഹുവിന്റെ ദാസരേ! [നല്ലത് ചെയ്യുവാനും ഉറ്റവർക്കും ഉടയവർക്കും നിർലോഭമായി സഹായും ചെയ്യുവാനും അല്ലാഹു ആജ്ഞാപിക്കുന്നു. ലജ്ജാകരമായ പ്രവൃത്തികളും അനീതിയും ലഹളയും അവൻ നിരോധിച്ചിരിക്കുന്നു: അവൻ നിങ്ങളോട് ആജ്ഞാപിക്കുന്നത് നിങ്ങൾ ഓർത്തിരിക്കണം.]